## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6345** — **03.04.2018-ൽ മറുപടിയ്ക്ക്**

### ആർട്ട് ഗാലറികളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ഐ.ബി.സതീഷ്<br>ശ്രീ.സി.കൃഷ്ണൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള ലളിതകലാ, അക്കാദമിയുടെ കീഴിലുള്ള ആർട്ട് ഗാലറികളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ നിരവധി ക്യൂറേറ്റഡ് എക്സിബിഷനുകൾ അക്കാദമി ഗ്യാലറികളിൽ പ്രത്യേകിച്ച് അക്കാദമിയുടെ ദർബാർ ഹാൾ കലാകേന്ദ്രം കൊച്ചി, കോഴിക്കോട്, ആർട്ട് ഗ്യാലറി, തൃശ്ശൂർ ആർട്ട് ഗ്യാലറി എന്നിവിടങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ, തെരഞ്ഞെടുത്ത ഗ്യാലറികളോട് അനുബന്ധിച്ച് കലാകാരന്മാർക്ക് സ്റ്റുഡിയോ സൗകര്യം ഒരുക്കുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് ചെയ്തു വരുന്നു. |
| (ബി) വീട്ടിലിരുന്ന് ചിത്രരചന നടത്തുന്നതിന് സൗകര്യമില്ലാത്ത വർക്കും, ചിത്രരചനയിൽ സജീവമായവർക്കും ഭാവി വാഗ്ദാനങ്ങളാകുമെന്ന് പ്രതീക്ഷി ക്കുന്നവർക്കും ഇടമൊരുക്കാൻ ആലോചിക്കുന്നുണ്ടോ; | (ബി) ചിത്ര രചന നടത്താൻ നിലവിൽ ഭൗതിക സൗകര്യമില്ലാത്ത കലാകാരന്മാർക്ക് വേണ്ടി ധാരാളം ആർട്ടിസ്റ്റ് ഇൻ റസിഡൻസി പ്രോഗ്രാമുകൾ സംഘടിപ്പിക്കുവാനും ലളിതകലാ അക്കാദമിയുടെ ശ്രീകണ്ഠാപുരം കലാഗ്രാമം നിലവിൽ സജ്ജീകരിച്ചിരിക്കുന്നത് പോലെ കിളിമാനൂർ രാജാരവിവർമ്മ സ്മാരക നിലയത്തിലും കലാകാരന്മാർക്ക് ചിത്രരചന നടത്തുന്നതിന് സൗകര്യമൊരുക്കും വിധം ആർട്ടിസ്റ്റ് ഇൻ റസിഡൻസി സ്റ്റുഡിയോകൾ നിർമ്മിക്കുന്നതിന് അക്കാദമി ഉദ്ദേശിക്കുന്നു. |
| (സി) കണ്ണൂർ കക്കണാംപാറയിൽ ചിത്രകാരൻമാർക്ക് താമസിച്ച് ചിത്രരചന നടത്താനുള്ള സൗകര്യമൊരുക്കിയിരിക്കുന്നതു പോലെ ആർട്ട് ഗ്യാലറി ക്യാമ്പുകൾ മറ്റു സ്ഥലങ്ങളിലും സജ്ജമാക്കുന്നതിന് പദ്ധതി യുണ്ടോ; വിശദമാക്കുമോ? | (സി) പദ്ധതിയുണ്ട്. കിളിമാനൂരിലെ രാജാരവിവർമ്മ സ്മാരക ആർട്ട് ഗ്യാലറിയോടനുബന്ധിച്ച് ആർട്ടിസ്റ്റ് ഇൻ റസിഡൻസി സ്റ്റുഡിയോ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ